LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂൾ ക്ലാർക്കമാർക്ക് മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി

118 (2356) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂൾ ക്ലാർക്കുമാരുടെ ഗ്രേഡ് പുനഃസ്ഥാപിച്ചുകൊണ്ട് ഇറക്കിയ ഉത്തരവിൽ ആനുകൂല്യം ലഭ്യമാക്കിയത് മുൻകാല പ്രാബല്യമില്ലാതെ, ഉത്തരവിറങ്ങിയ തീയതി മുതലാണ് എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനോമലി പരിഹരിച്ച് ആനുകൂല്യം ലഭ്യമാക്കുന്നത് ശമ്പള പരിഷ്കരണ തീയതി മുതൽ ആയതിനാൽ എയ്ഡഡ് സ്കൂൾ ക്ലാർക്കുമാർക്കും മുൻകാല പ്രാബല്യത്തോടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഉത്തരവിന് യഥാക്രമം 1-7-2004, 1-7-2009 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക ആനുകൂല്യങ്ങൾക്ക് ഉത്തരവ് തീയതി മുതൽ മാത്രമേ പ്രാബല്യം നൽകിയിട്ടുള്ളൂ.

(ബി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി, ഇത്തരത്തിൽ ഗ്രേഡ് അനുവദിക്കുമ്പോൾ ഭാവിയിലുണ്ടാകാവുന്ന അധിക സാമ്പത്തിക ബാധ്യത മുതലായ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് സർക്കാർ തീരുമാനങ്ങൾ കൈക്കൊള്ളുന്നത്. ഇത് സർക്കാരിന്റെ വിവേചനാധികാരമാണ്. ടി ഉത്തരവ് പ്രകാരമുള്ള ശമ്പള നിർണ്ണയങ്ങൾ സാങ്കൽപ്പികമായാണ് അനുവദിച്ചിട്ടുള്ളത്. അതിനാൽ ഉത്തരവ് തീയതി മുതൽക്കേ സാമ്പത്തികാനുകൂല്യത്തിന് അർഹത കൈവരുന്നുള്ളൂ. ഈ ഉത്തരവ് പുനഃപരിശോധിക്കുന്നതിന് സർക്കാരിന് ഇപ്പോൾ ഉദ്ദേശ്യമില്ല.

നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം

119 (2357) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ലക്ഷ്യമിട്ട വരുമാനം എത്രയാണ് ;

(ബി) നാളിതുവരെ എത്ര രൂപയാണ് ലഭ്യമായത് ;

(സി) ലക്ഷ്യം കൈവരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?